# VIJNANABHAVAN - KOTHAMANGALAM

## SCHOLARSHIP EXAMINATION 2018 - 2019

**Std VII** Time : 2 hrs.
09. 04. 2019 Marks : 100

രജിസ്റ്റർ നമ്പർ
(അക്കത്തിൽ)

രജി. നമ്പർ (അക്ഷരത്തിൽ) ..........................................................................................................................

ഫൊറോന : .....................................................................................................................................................

**നിർദ്ദേശങ്ങൾ:–**

1. നിങ്ങളുടെ രജിസ്റ്റർ നമ്പർ മുകളിൽ കാണുന്ന ദീർഘചതുരത്തിൽ അക്കത്തിലും താഴെ അക്ഷരത്തിലും എഴുതുക.
2. നിങ്ങളുടെ പേരോ സ്കൂളിന്റെയോ പള്ളിയുടെയോ പേരോ ഉത്തരക്കടലാസിൽ എഴുതാൻ പാടില്ല.
3. ഉത്തരങ്ങൾ ഈ ചോദ്യക്കടലാസിൽ തന്നെ അവയ്ക്കായി വിട്ടിട്ടുള്ള സ്ഥലങ്ങളിൽ മാത്രം വൃത്തിയായി എഴുതണം.
4. ഈ ചോദ്യക്കടലാസിനോട് വേറെ കടലാസുകൾ ചേർക്കുകയോ ഇതിലുള്ള കടലാസുകൾ വേർപെടുത്തുകയോ ചെയ്യാൻ പാടില്ല.

**Total Marks**

**ശരിയായ ഉത്തരത്തിന്റെ കോളത്തിൽ ☑ ഇടുക.** (10 x 1 = 10)

1 ദൈവത്തോടും സഹോദരങ്ങളോടും നമ്മോടു തന്നെയുമുള്ള കടമകളെയും കർത്തവ്യങ്ങളെയും കുറിച്ച് ബോധ്യപ്പെടുത്തുന്നതെന്താണ്?

☐ വിശ്വാസം ☐ പ്രമാണങ്ങൾ ☐ സ്നേഹം

2 ദുഷ്ടശക്തികളെ ആശ്രയിച്ച് ഭൗതികനേട്ടങ്ങൾ ഉണ്ടാക്കുവാനോ മറ്റുള്ളവർക്ക് നാശം വരുത്തുവാനോ ചെയ്യുന്ന കർമ്മങ്ങൾ എന്താണ്?

☐ വിഗ്രഹാരാധന ☐ നിരീശ്വരവാദം ☐ മന്ത്രവാദം

3 ദൈവത്തെ സൂചിപ്പിക്കുന്ന ഏതു പദമാണ് ഇസ്രായേൽക്കാർ സംസാരത്തിൽ ഉപയോഗിക്കാതിരുന്നത്?

☐ എമ്മാനുവൽ ☐ ആബാ ☐ യാഹ്വേ

4 "സാബത്ത്" എന്ന പദം ഉണ്ടായത് ഏത് മൂലപദത്തിൽ നിന്നാണ്?

☐ ഗ്രീക്ക് ☐ കാനോൻ ☐ ഹീബ്രു

5 ക്രിസ്തുരഹസ്യത്തിന്റെ കേന്ദ്രമായ ഉത്ഥാനവുമായി ഞായറാഴ്ചയ്ക്കുള്ള ബന്ധം വിവരിക്കുന്ന അപ്പസ്തോലിക പ്രബോധനം ഏതാണ്?

☐ കർത്താവിന്റെ ദിനം ☐ റേരും നൊവാരും ☐ മനുഷ്യജീവൻ

6 ലോകത്തിലൊരാളെങ്കിലും ദരിദ്രനാണെങ്കിൽ അതിന്റെ കാരണക്കാരൻ ഞാൻ കൂടിയാണെന്ന് തിരിച്ചറിഞ്ഞ് ആ അവസ്ഥ പരിഹരിക്കാൻ സഹായിക്കുന്ന പുണ്യമാണ്.

☐ മിതവ്യയം ☐ ഔദാര്യം ☐ സംതൃപ്തി

7 ഉത്ഥാനാനുഭവം നേടി ശിഷ്യത്വത്തിന്റെ പൂർണ്ണതയിലേക്കുയരാൻ ഈശോ പ്രത്യേകമായി ക്ഷണിച്ചത് ആരെയാണ്?

☐ വി. യോഹന്നാനെ ☐ വി. തോമ്മായെ ☐ വി. പത്രോസിനെ

8 ഈശോ പതിവായി പ്രാർത്ഥിക്കുവാൻ പോയിരുന്ന സ്ഥലം ഏതാണ്?

☐ താബോർ മല ☐ ഒലിവുമല ☐ ഗാഗുൽത്താ മല

9 ഇസ്രായേൽ ജനത്തിന്റെ മരുഭൂമിയിലൂടെയുള്ള യാത്രാമദ്ധ്യത്തിൽ കയ്പുള്ള ജലം കണ്ടെത്തിയ സ്ഥലം ഏതാണ്?

☐ ഷൂർ ☐ മാറാ ☐ കാനാൻ

10 ഈന്തപ്പനയോലയും വൃക്ഷങ്ങളുടെ ശാഖകളും ഉയർത്തി ഇസ്രായേൽക്കാർ ആഘോഷപൂർവം കൊണ്ടാടിയിരുന്ന തിരുനാൾ ഏതാണ്?

☐ ഓശാന ☐ കൂടാര തിരുനാൾ ☐ പന്തക്കുസ്താ തിരുനാൾ

**പൂരിപ്പിക്കുക.** (10 x 1 = 10)

11 ഇസ്രായേൽ ജനത്തെ മുന്നോട്ട് നയിക്കുവാൻ ആവശ്യമായ പ്രത്യേക വരദാനങ്ങൾ ലഭിച്ച നേതാക്കൾ .................................................................................. എന്ന പേരിലാണ് അറിയപ്പെടുന്നത്.

12 ഹാരാനിൽ നിന്ന് ഏസാവിന്റെ പക്കലേക്കുള്ള യാത്രയ്ക്കിടയിൽ ............................................ എന്ന അരുവിയുടെ തീരത്തുവച്ച് യാക്കോബിന് അസാധാരണമായ അനുഭവം ഉണ്ടായി.

13 മരണത്തെക്കുറിച്ച് ഈശോ നൽകിയ മൂന്നുപ്രവചനങ്ങളും അവസാനിക്കുന്നത് ............................ ..................................................... അറിയിപ്പിലാണ്.

14 ദനഹാക്കാലത്തിലെ അവസാനത്തെ ............................................................................. ദിനത്തിൽ സകല മരിച്ചവിശ്വാസികളെയും നാം അനുസ്മരിക്കുന്നു.

15 ദാമ്പത്യവിശുദ്ധി പ്രധാനമായും ലംഘിക്കപ്പെടുന്നത് ....................................................... .............................. ലൂടെയാണ്.

16 മാമ്മോദീസാ സ്വീകരിച്ച എല്ലാവരും .................................................................. വിളിക്കപ്പെടുന്നു.

17 രണ്ടു പേർ തമ്മിൽ കലഹമോ ശത്രുതയോ ഉണ്ടാക്കുക എന്നതാണ് .......................................... പറയുന്നതിന്റെ ഉദ്ദേശ്യം.

18 മിസിസാഗോയിലെ സീറോമലബാർ രൂപതയുടെ മേലദ്ധ്യക്ഷൻ .................................................. ......................................................................... ആകുന്നു.

19 2018 നവംബർ മാസത്തിൽ ഫ്രാൻസിസ് പാപ്പാ ..................................................................................
.......................................... പാപ്പായെ വിശുദ്ധ പദവിയിലേക്കു ഉയർത്തി.

20 സത്യവിശ്വാസത്തിന് ചേരാത്തതും അടിസ്ഥാനരഹിതവുമായ കാര്യങ്ങളിലുള്ള വിശ്വാസമാണ് ..........................................................................

**A കോളത്തിന് അനുയോജ്യമായവ C കോളത്തിൽനിന്നും കണ്ടെത്തി B കോളത്തിൽ എഴുതുക.**

(10 x 1 = 10)

| | A | B | C |
|---|---|---|---|
| 21 | ദൈവദൂഷണം | .................................................................................. | വെളിപാട് |
| 22 | ആബേൽ | .................................................................................. | പാപപരിഹാരദിനം |
| 23 | കരിഞ്ചന്ത | .................................................................................. | ലെയോ XIII-ാമൻ |
| 24 | ആഹാബ് | .................................................................................. | രണ്ടാം പ്രമാണം |
| 25 | മനഃസാക്ഷി | .................................................................................. | ആട്ടിടയൻ |
| 26 | അഷ്ടസൗഭാഗ്യങ്ങൾ | .................................................................................. | ന്യായാധിപൻ |
| 27 | സാമുവൽ | .................................................................................. | ഏഴാം പ്രമാണം |
| 28 | യോംകിപ്പൂർ | .................................................................................. | വി. മത്തായി |
| 29 | വി. യോഹന്നാൻ | .................................................................................. | സമരിയ |
| 30 | വി. ജോൺ ബർക്കുമൻസ് | .................................................................................. | ഹൃദയം |

**ശരിയായ പ്രസ്താവനയുടെ നേരെ ☑ എന്നും തെറ്റായ പ്രസ്താവനയുടെ നേരെ ☒ എന്നും അടയാളപ്പെടുത്തുക.** (6 x 1= 6)

31 കോതമംഗലം രൂപതയുടെ ബുള്ളറ്റിനാണ് ഒസ്സർ വത്തോരെ റോമാനോ. ☐

32 മിലാനിലെ മെത്രാനായിരുന്നു വി. ജോസഫ് വാസ്. ☐

33 നമ്മുടെ ആരാധനക്രമവത്സരത്തിലെ അവസാനത്തെ കാലമാണ് പള്ളിക്കൂദാശാക്കാലം. ☐

34 ഉയിർപ്പുതിരുനാൾ 'തിരുനാളുകളുടെ തിരുനാൾ' എന്നറിയപ്പെടുന്നു. ☐

35 ഓരോരുത്തർക്കും അവകാശപ്പെട്ടത് നല്കാൻ ഒരുവനെ പ്രേരിപ്പിക്കുന്ന പുണ്യമാണ് സ്നേഹം. ☐

36 പരസ്പരം സ്നേഹിക്കാനും കുഞ്ഞുങ്ങൾക്ക് ജന്മം നൽകാനുമുള്ള കഴിവ് ദൈവം മനുഷ്യന് നൽകിയിരിക്കുന്നു. ☐

37 **ചിത്രത്തിൽ കാണുന്ന പുണ്യചരിതരുടെ പേരുകൾ അവയ്ക്കു താഴെ എഴുതുക.**

(4 x 1 = 4)









**ബൈബിൾ വാക്യങ്ങൾ പൂരിപ്പിക്കുക.** (5 x 2 =10)

38 "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ..................................................................................

..................................................................................................................................................

..................................................................................................................................................

..................................................................................................................................................

............................................................................................. ആലയം പരിശുദ്ധമാണ്" (1 കോറി. 3:16-17).

39 "നിങ്ങൾ എല്ലാ തിന്മയും ..................................................................................................................

.................................................................................................................. ഉപേക്ഷിക്കുവിൻ" (1 പത്രോ. 2:1).

40 "നിങ്ങളുടെ കർത്താവും ..................................................................................................................

..................................................................................................................................................

........................................................................................................... പാദങ്ങൾ കഴുകണം" (യോഹ. 13:14).

41 "എന്റെ ഏറ്റവും ചെറിയ ..............................................................................................................

..................................................................................................................................................

.................................................................................................................. ചെയ്തു തന്നത്" (മത്താ. 25: 40).

42 " എന്നെ സ്നേഹിക്കുകയും എന്റെ ..............................................................................................

..................................................................................................................................................

............................................................................................................ ഞാൻ കരുണ കാണിക്കും" (പുറ.20:6).

**ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരം എഴുതുക.** (10 x 2 = 20)

43 പന്തക്കുസ്താ തിരുനാൾ നമ്മെ അനുസ്മരിപ്പിക്കുന്ന പ്രധാന കാര്യങ്ങൾ ഏവ?

44 വി. കുർബാനയിൽ ഈശോയുടെ കാൽവരിയാത്രയെയും കുരിശുമരണത്തെയും അനുസ്മരിപ്പിക്കുന്നതെപ്പോൾ?

45 ഇസ്രായേൽ ജനം എന്തിനുവേണ്ടിയാണ് പെസഹാത്തിരുനാൾ ആഘോഷിച്ചിരുന്നത്?

46 'സിനഗോഗ്' എന്ന പേരുണ്ടായതെങ്ങനെ?

47 പഞ്ചഗ്രന്ഥികൾ ഏവ? അവയുടെ ഉള്ളടക്കം എന്താണ്?

48 ഭ്രൂണഹത്യ പാപമാണ് എന്തുകൊണ്ട്?

49 നീതിയെക്കുറിച്ച് തോമസ് അക്വീനാസ് പറയുന്നതെന്ത്?

50 ലൈംഗികവിശുദ്ധി പാലിച്ച് ജീവിക്കാൻ നമ്മെ സഹായിക്കുന്ന കാര്യങ്ങൾ ഏവ?

51 മക്കൾക്ക് മാതാപിതാക്കളോടുള്ള കടമകൾ ഏവ?

52 വി. മദർ തെരേസായുടെ ബാല്യകാല്യജീവിതം എങ്ങനെയായിരുന്നു?

**അര പേജിൽ ഉത്തരമെഴുതുക.** (5 x 4 = 20)

53 ആധുനിക ലോകത്തിൽ കുടുംബബന്ധങ്ങൾ തകരാറിലാകുന്നതിന്റെ പ്രധാനകാരണം എന്ത്?

54 തിരുസഭയുടെ കല്പനകൾ എത്ര? ഏതെല്ലാം?

55 ഈശോയുടെ സ്നേഹത്തിന്റെ സവിശേഷതകൾ ഏതെല്ലാം?

56 എന്താണ് ദൈവരാജ്യം? വചനത്തിലും പ്രവൃത്തിയിലും ദൈവരാജ്യം മനുഷ്യർക്ക് പ്രത്യക്ഷമായതെങ്ങനെ?

57 സമാഗമ കൂടാരത്തിന്റെ പ്രത്യേകത എന്ത്?

**ഒരു പേജിൽ ഉത്തരമെഴുതുക.** (1 x 10 = 10)

58 മനഃസാക്ഷി എന്നാൽ എന്ത്? ക്രിസ്തീയ മനഃസാക്ഷി രൂപീകരിക്കാൻ ആവശ്യമായ കാര്യങ്ങൾ ഏവ?